**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5795** **08-11-2021 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ ഒരു ജില്ല ഒരു ഉല്പന്നം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ 'ഒരു ജില്ല ഒരു ഉല്പന്നം' പദ്ധതി പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്ന ഏത്തക്കായ കൃഷിയുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കാമോ; | (എ) | 2020-21 സാമ്പത്തിക വർഷം കേന്ദ്രസർക്കാരിന്റെ ഭക്ഷ്യസംസ്കരണ മന്ത്രാലയം പ്രധാനമന്ത്രി ഭക്ഷ്യസംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണപദ്ധതിയിൽ (പി.എം.എഫ്.എം.ഇ) ഉൾപ്പെടുത്തി പാലക്കാട്, അട്ടപ്പാടിയിൽ മില്ലറ്റ്, പഴം, ഏത്തക്കായ ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനക്കായി കാർഷിക വികസന വകുപ്പിന്റെ പൊതുവായ ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുന്നതിനായി അംഗീകാരം നല്കിയിട്ടുണ്ട്. ഇതിന്റെ പദ്ധതി തുക 2.75 കോടി രൂപയാണ്. ഇതിൽ കേന്ദ്ര വിഹിതമായ 1.71 കോടി രൂപയിൽ ആദ്യ ഗഡുവായി 1.518 കോടി രൂപ കേന്ദ്രം അനുവദിക്കുകയും ആ തുക ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുന്നതിനായി അഗ്രികൾച്ചറൽ ഡെവലപ്മെന്റ് & ഫാർമേഴ്സ് വെൽഫയർ ഡിപ്പാർട്ട്മെന്റ് പാലക്കാടിന് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പാലക്കാട് ജില്ലയിൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര യൂണിറ്റ് തുടങ്ങുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ; | (ബി) | പാലക്കാട് ജില്ലയിൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 20 യൂണിറ്റുകൾക്കായി വ്യക്തിഗത അപേക്ഷകൾ ഓൺലൈനായി ലഭിച്ചിട്ടുണ്ട്. |
| (സി) | ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനായി വാഴകൃഷിക്കാർക്കിടയിൽ എന്തെല്ലാം പ്രചരണം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം നൽകുമോ? | (സി) | പ്രധാനമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതിയുടെ (പി.എം.എഫ്.എം.ഇ) ഭാഗമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്), കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി തുടങ്ങിയ സ്ഥാപനങ്ങൾ സംയുക്തമായി ഓൺലൈനായി 2021 ആഗസ്റ്റ് 12,13 തീയതികളിൽ "ഒരു ജില്ലാ ഒരു ഉല്പന്നം" എന്ന സംസ്ഥാനതല ദ്വിദിനസെമിനാർ സംഘടിപ്പിച്ചു. കാർഷികമേഖലയിലെ മൂല്യവർദ്ധന ഉല്പന്നങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള വ്യാവസായിക അന്തരീക്ഷം കേരളത്തിൽ രൂപപ്പെടുത്തുന്നതിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമായാണ് ഈ ഓൺലൈൻ സെമിനാർ സംഘടിപ്പിച്ചത്. ഈ ഓൺലൈൻ സെമിനാറിൽ പാലക്കാട് ജില്ലയിലെ ODOP ഉൽപ്പന്നമായ ഏത്തക്കായയുടെ മൂല്യവർദ്ധനവിനെ കുറിച്ചുള്ള വിശദമായ സെഷൻ കണ്ണറ ബനാന റിസർച്ച് സ്റ്റേഷൻ, തൃശ്ശൂർലെ വിദഗ്ധർ നയിക്കുകയും ആയത് പുതിയ സംരംഭകർ പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ